നടപ്പുസാമ്പത്തിക വർഷം ഇതുവരെ 276348 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി. ഇവർക്ക് 773,22,15,173 രൂപയുടെ ചികിത്സയാണ് നൽകിയത്. ഇതിൽ വിശദ പരിശോധന കഴിഞ്ഞ ക്ലെയിം കേസുകളിലേയ്ക്കായി 445.96 കോടി രൂപ സെപ്റ്റംബർ മാസം വരെ ആശുപത്രികൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നൽകി തീർപ്പാക്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്തൽ

25 (*175) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പദ്ധതികളിലെ ഗുണഭോക്താക്കളെ കണ്ടെത്താനും തെരഞ്ഞെടുക്കാനും കേന്ദ്രീകൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കായി ഒരു യൂണിഫൈഡ് രജിസ്ട്രി (ഏകീകൃത വിവര സംവിധാനം) സജ്ജമാക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ഓരോ വകുപ്പിലേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി വകുപ്പുകൾ വെവ്വേറെ നടപടികൾ സ്വീകരിക്കുന്നതിന് പകരം കേന്ദ്രീകൃത സംവിധാനം തിരിച്ചറിയുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഒരു പദ്ധതിയിലും ഉൾപ്പെടാത്തവരെ കണ്ടെത്തുന്നതിനും അർഹതയില്ലാത്തവർ ആനുകൂല്യങ്ങൾ നേടുന്നത് തടയുന്നതിനും വേണ്ടി വിവരശേഖരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ബി&സി) പദ്ധതികളെയും ഗുണഭോക്താക്കളെയും കണ്ടെത്തി ടി സംവിധാനത്തിൽ കൊണ്ടുവരുന്നതിലൂടെ സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണം പറ്റുന്ന എല്ലാ ഗുണഭോക്താക്കളെയും കണ്ടെത്താനും ഇതുവഴി അർഹതയില്ലാതെ ആനുകൂല്യം പറ്റുന്ന ആൾക്കാരെ കണ്ടെത്താനും കഴിയും. ഈ സംവിധാനം Rebuild Kerala Initiative, ധനകാര്യം, വിവരസാങ്കേതികവിദ്യ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി 34.32

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപ ചെലവിൽ അനുബന്ധ സോഫ്റ്റ് വെയർ, ഹാർഡ്വെയർ മാനവ വിഭവശേഷി എന്നിവയുൾപ്പെടെ ഒരു "ആധാർ വാൾട്ട്" സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സാങ്കേതിക സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട ഡാറ്റ ശേഖരണം, ഡാറ്റയുടെ നിയമപരമായ ഉടമസ്ഥത എന്നിവയും ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പിൽ നിക്ഷിപ്തമാണ്. ഇതിനായി വിവരസാങ്കേതികവിദ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കോവിഡ് രോഗികളുടെ മരണ നിരക്ക്

26 (*176) ശ്രീ. അൻവർ സാദത്ത്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം ചെറിയ തോതിലെങ്കിലും കുറഞ്ഞുവരുമ്പോഴും മരണ നിരക്ക് കുറയാതെ നിൽക്കുന്നത് ആശങ്കയോടെ കാണുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഓരോ രാജ്യങ്ങളിലേയും മറ്റ് സംസ്ഥാനങ്ങളിലേയും മരണ നിരക്ക് സൂക്ഷ്മം പരിശോധിക്കുമ്പോൾ കേരളത്തിലെ മരണ നിരക്കും കുറവാണെന്ന് കാണാവുന്നതാണ്. കേസ് ഫറ്റാലിറ്റി നിരക്ക് (CFR) സംസ്ഥാനം ശ്രദ്ധയോടെ അപഗ്രഥിക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ പോലും കേസ് ഫറ്റാലിറ്റി നിരക്ക് ദേശീയ ശരാശരിയെക്കാളും ഉയർന്നില്ല എന്നതും എടുത്തുപറയേണ്ടതാണ്. ഉയർന്ന ജനസാന്ദ്രതയും ജീവിതശൈലീ രോഗങ്ങളുടെ അളവ് വളരെ ഉയർന്നുനിൽക്കുന്നുവെങ്കിലും കേരളത്തിലെ ചിട്ടയായ ടെസ്റ്റിംഗ് വഴി രോഗം പകർന്ന ഏറ്റവും കൂടുതൽ ആളുകളെ കണ്ടെത്തുകയും തുടർന്ന് കോണ്ടാക്ട് ട്രേസിംഗും ചികിത്സയും ഉറപ്പാക്കുകയും അതുവഴി മരണ നിരക്ക് കുറയ്ക്കുകയും ചെയ്തു. പ്രതിമാസ മരണങ്ങളുടെ എണ്ണവും മരണ നിരക്കും കേരളം പോലൊരു സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ലെന്നതും എടുത്തുപറയേണ്ടതാണ്.

(ബി) കോവിഡ് മരണനിരക്ക് കുറയാത്തതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഏതൊരുരോഗവും ഉണ്ടാകുന്നത് രോഗിയുടെയും രോഗാണുവിന്റെയും പരിസ്ഥിതി ഉൾപ്പെടെയുള്ള ബാഹ്യഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly